## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3376 — 19.10.2016 ന് മറുപടിയ്ക്ക്.

### മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനമേഖലകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ഈ മേഖലകളിൽ വിവരശേഖരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br>(ബി) ഇതിനായി എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | **(എ) യും (ബി)യും** - ഉണ്ട്. വന്യജീവികൾ വനത്തിനു പുറത്തേക്കു വരുന്നത് നിരീക്ഷിക്കുവാൻ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ചും പ്രശ്നക്കാരായ ആനകളിൽ റേഡിയോ കോളർ ഘടിപ്പിച്ചും വിവരശേഖരണം നടത്തുന്നതിനു പുറമെ മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ വന്യജീവികൾ വനത്തിൽ നിന്നും പുറത്തേക്ക് വന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് തദ്ദേശവാസികളെ SMS-ലൂടെ അറിയിക്കുന്ന Early Warning SMS Alert System നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശവാസികളുടെ മൊബൈൽ നമ്പർ ശേഖരിച്ചു വരുന്നു. |
| (സി) വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | **(സി)** ക്യാമറാ ട്രാപ്പ് ചിത്രങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം ഉപയോഗിച്ച് വന്യജീവികളുടെ സഞ്ചാരത്തെക്കുറിച്ച് ലഭ്യമാകുന്ന വിവരം മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സഹായിക്കും. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ വന്യജീവികൾ വനത്തിൽ |

നിന്നും പുറത്തേക്ക് വന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് തദ്ദേശവാസികളെ SMS-ലൂടെ അറിയിക്കുന്നതിനായി തദ്ദേശവാസികളിൽ നിന്നും മൊബൈൽ നമ്പർ ശേഖരിച്ച് ഉപയോഗപ്പെടുത്തി വരുന്നു. വന്യജീവികളെ ആകർഷിക്കുന്ന തരത്തിലുള്ള വിളകൾ വനാതിർത്തികൾക്ക് സമീപത്തുള്ള കൃഷിയിടങ്ങളിൽ കൃഷിചെയ്യുന്നത് ഒഴിവാക്കുന്നതിന് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും, വനത്തിനുള്ളിൽത്തന്നെ വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Vatsala S.

സെക്ഷൻ ഓഫീസർ